(സി) പ്രസ്തുത വകുപ്പുകളിൽ ഒഫ്താൽമിക് അസിസ്റ്റന്റ്, ഒപ്ടോമെട്രിസ്റ്റ്/റിഫ്രാക്ഷനിസ്റ്റ് തസ്തികകളിൽ എത്ര ഒഴിവുകൾ നിലനിൽക്കുന്നു ; സ്ഥാപനം തിരിച്ചുള്ള പൂർണ്ണവിവരം വിശദമാക്കുമോ ;

(ഡി) ഈ തസ്തികകളിൽ നിലവിലുള്ള ഒഴിവിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡി.എച്ച്.എസ്-ന്റെകീഴിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. 29-12-2010-ൽ റാങ്ക് ലിസ്റ്റ് നിലവിൽവന്നു. ഡി.എം.ഇ.-യുടെ വിവരംശേഖരിച്ചുനൽകുന്നതാണ്.

(ബി) ആരോഗ്യവകുപ്പിൽ ഡി.എച്ച്.എസ്.-ന്റെ കീഴിലുള്ള ഒഫ്താൽമിക് അസിസ്റ്റന്റുമാരുടെ ഗ്രേഡ് തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

ഗ്രേഡ് I	-	133
ഗ്രേഡ് II	-	132
സീനിയർ ഗ്രേഡ്	-	66

(സി) ആരോഗ്യവകുപ്പിൽ മൊത്തം 49 ഒഴിവുകളാണുള്ളത്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. സ്ഥാപനം തിരിച്ചുള്ള വേക്കൻസിയുടെ പൂർണ്ണവിവരം ശേഖരിച്ചുനൽകുന്നതാണ്.

((ഡി) വേക്കൻസികൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അന്യസംസ്ഥാന ഡിപ്ലോമ കോഴ്സുകളുടെ അംഗീകാരം

51 (1777) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനുപുറത്ത് പഠിച്ചതും പാരാ-മെഡിക്കൽ ബോർഡിന്റെ അംഗീകാരമുള്ളതുമായ ഡിപ്ലോമ ഇൻ എക്സ്റേ ആന്റ് ലാബ് ടെക്നീഷ്യൻ കോഴ്സുകൾക്ക് കേരള ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഇത്തരം കോഴ്സുകളിൽ അന്യസംസ്ഥാനങ്ങളിൽനിന്നു പഠിച്ച് പാസ്സായവർക്ക് കേരളത്തിൽ സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്ത ജോലിയിൽ പ്രവേശിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിനുപുറത്തുപഠിച്ച പാരാ മെഡിക്കൽ കോഴ്സുകൾക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ അംഗീകാരം നൽകിയിട്ടില്ല. നിർദ്ദിഷ്ട മാനദണ്ഡം പാലിച്ചാണോ കോഴ്സ് നടത്തിയിട്ടുള്ളത് എന്ന് ഉറപ്പാക്കാൻ സാധിക്കാത്തതിനാൽ അവർക്ക് സംസ്ഥാനത്ത് രജിസ്ട്രേഷൻ സൗകര്യം അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly